**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## കീം 2021- റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2021-22 അദ്ധ്യയന വർഷം സംസ്ഥാനത്തെ **KEAM** പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ ഇനിയും റീഫണ്ട് ലഭിക്കാത്തവർക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM 2021-Candidate Portal'**എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Submit Bank Account Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **17.08.2022 മുതൽ 22.08.2022 വൈകിട്ട് 3 മണി** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി **'Submit'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **'Print Submitted Account Details'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ടിന് അർഹതയുണ്ടെങ്കിൽ തുക ലഭ്യമാക്കുന്നതാണ്.

**കുറിപ്പ്:** വിദ്യാർത്ഥി നൽകുന്ന ബാങ്ക് അക്കൗണ്ട് വിദ്യാർത്ഥിയുടേയോ രക്ഷിതാവിന്റേയോ പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പ് വരുത്തേണ്ടതാണ്. സീറോ ബാലൻസ് അക്കൗണ്ട്, ബേസിക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ടൈനി അക്കൗണ്ട്, ജനപ്രിയ അക്കൗണ്ട് എന്നിവയിൽ നിലവിൽ അക്കൗണ്ട് ഉള്ളവർ റീഫണ്ട് ലഭിക്കുന്നതിനായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അവരവരുടെ അക്കൗണ്ട് മാറ്റേണ്ടതാണ്. എൻ.ആർ.ഐ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്നതല്ല. വിവരങ്ങൾ തെറ്റായി നൽകുന്നതുമൂലം റീഫണ്ട് തുക ലഭിക്കാതിരുന്നാൽ ഈ കാര്യാലയത്തിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.17 09:27:53 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17/08/2022